"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - എറണാകുളം ജില്ലയിലെ തൃക്കാക്കര സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീമതി ഗ്രേഷ്മ എസ്.-ന് പഠനാവശ്യത്തിനായി അനുവദിച്ച ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി- ഉത്തരവ് പുറപ്പെടുപ്പിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.349/2025/AYUSH തീയതി, തിരുവനന്തപുരം, 26-06-2025

---

പരാമർശം:- (1) സ.ഉ.(സാധാ)നം.340/2022/ആയുഷ് തീയതി 04/08/2022.

(2) ശ്രീമതി ഗ്രേഷ്മ എസ്. സമർപ്പിച്ച 11/04/2025-ലെ അപേക്ഷ.

(3) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 15/05/2025-ലെ DHTVM/2363/2021-EA5 - നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ തൃക്കാക്കര സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീമതി ഗ്രേഷ്മ എസ്.-ന് പരാമർശം-(1)പ്രകാരം BHMS പഠനാവശ്യത്തിനായി 08/12/2021 മുതൽ 31/05/2025 വരെ കെ.എസ്.ആർ. ഭാഗം-1 അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ചിരുന്നുവെന്നും, എന്നാൽ കോഴ്സ് കാലാവധി ദീർഘിപ്പിച്ചതിനാൽ പ്രസ്തുത അവധിക്ക് തുടർച്ചയായി 01/06/2025 മുതൽ 30/09/2025 വരെ (122 ദിവസങ്ങൾ) കൂടി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് ടിയാൾ പരാമർശം-(2) പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ഉത്തരവാകണമെന്ന് പരാർമശം-(3) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(3) പ്രകാരം ലഭ്യമാക്കിയ രേഖകളുടേയും, വസ്തുതകളുടേയും വെളിച്ചത്തിൽ, തൃക്കാക്കര സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-II ശ്രീമതി ഗ്രേഷ്മ എസ്.-ന് പരാമർശം-(1) പ്രകാരം അനുവദിച്ച അവധിക്ക് തുടർച്ചയായി 01/06/2025 മുതൽ 30/09/2025 വരെ, കെ.എസ്.ആർ ഭാഗം-1, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
2. ശ്രീമതി ഗ്രേഷ്മ എസ്., ഫാർമസിസ്റ്റ് ഗ്രേഡ്-II, സർക്കാർ ഹോമിയോ ഡിസ്പെൻസറി, തൃക്കാക്കര, എറണാകുളം. (ഹോമിയോ വകുപ്പ് മേധാവിയുടെ കാര്യാലയം മുഖേന)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), എറണാകുളം.

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (11/06/2025-ലെ E 2079030/HLT-B3/256/2022-FIN -നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്. (AYU-C2/70/2025-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 26-06-2025 11:08:45

സെക്ഷൻ ഓഫീസർ.